ഉത്തരം

(എ ആന്റ് ബി) 2003-ൽ ഉണ്ടായ ഹർത്താലുകളിലും പണിമുടക്കുകളിലും വാഹനങ്ങൾക്ക് കേടുപാടുകൾ ഉണ്ടായത്മൂലം 16,56,188 രൂപയുടെ നഷ്ടവും വാഹനങ്ങൾ ഓപ്പറേറ്റ് ചെയ്യാതിരുന്നതുമൂലം 7 കോടി 85 ലക്ഷം രൂപയുടെ വരുമാനക്കുറവും കെ.എസ്.ആർ.ടി.സി.ക്ക് ഉണ്ടായിട്ടുണ്ട്.

കണ്ടം ചെയ്തതും നിരത്തിലിറക്കിയതുമായ ബസ്സുകൾ

76 [511] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 ഏപ്രിൽ മുതൽ 2003 ഡിസംബർ വരെ എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകൾ കണ്ടം ചെയ്തു;

(ബി) ഈ കാലയളവിൽ എത്ര പുതിയ ബസ്സുകൾ നിരത്തിലിറക്കിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 684 ബസ്സുകൾ.

(ബി) 1-4-2001 മുതൽ 31-12-2003 വരെ 503 ബസ്സുകൾ നിരത്തിലിറക്കുകയുണ്ടായി.

കെ.എസ്.ആർ.ടി.സി. വാങ്ങിയ പുതിയ ബസ്സുകൾ

77 [512] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ എത്ര കെ.എസ്.ആർ.ടി.സി. ഡിപ്പോകൾ അടച്ചു പൂട്ടി; ഓരോ ജില്ലയിലും എത്ര ഡിപ്പോകൾ പൂട്ടിയെന്ന് വ്യക്തമാക്കുമോ;

(ബി) 2001-02, 2002-03, 2003-04 എന്നീ വർഷങ്ങളിലെ കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം എത്ര; പ്രസ്തുത വർഷങ്ങളിലെ കെ.എസ്.ആർ.ടി.സി.-യുടെ ചെലവ് എത്ര; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകൾ വാങ്ങി; ഇതിന് എത്ര രൂപ ചെലവഴിച്ചു; എവിടെ നിന്നും വാങ്ങി; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഡിപ്പോകൾ ഒന്നും തന്നെ അടച്ചുപൂട്ടിയിട്ടില്ല.

(ബി)

	വരുമാനം (രൂപ കോടിയിൽ)	ചെലവ് (രൂപ കോടിയിൽ)
2001-02	614.01	742.60
2002-03	655.36	775.30
2003-04	കണക്ക് പൂർത്തിയായിട്ടില്ല.	

(സി) 532 ബസ്സുകൾ വാങ്ങിയിട്ടുണ്ട്. ഇതിനായി ഏകദേശം 58,34,22,165 രൂപ ചെലവഴിച്ചിട്ടുണ്ട്. 40 മിനി ബസ്സുകൾ ടാറ്റായിൽ നിന്നും 69 എണ്ണം ഐഷർ മോട്ടോഴ്സിൽ നിന്നും വാങ്ങി. വലിയ ബസ്സുകളുടെ ചേസിസുകൾ അശോക് ലൈലാന്റിൽ നിന്നും, ടാറ്റായിൽ നിന്നും വാങ്ങി, കെ.എസ്.ആർ.ടി.സി.-യുടെ സെൻട്രൽ വർക്ക്സിലും സ്വകാര്യ സ്ഥാപനമായ ഹർഷാ വീൽ മൂവേഴ്സ്, ബാംഗ്ലൂർ, റ്റി.വി.എസ്. ഇരിസ്സാർ വീരാളി മലൈ, ഹൈടെക് ആട്ടോ ക്രാഫ്റ്റ്, ചന്തിനൂർ എന്നി വിടങ്ങളിലും ബോഡി ചെയ്തിട്ടുള്ളതാണ്.

കെ.എസ്.ആർ.ടി.സി. വാങ്ങിയ പുതിയ ബസ്സുകൾ

78 [513] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി. എത്ര പുതിയ ബസ്സുകൾ വാങ്ങിയിട്ടുണ്ട്;

(ബി) ബസ് ബോഡി നിർമ്മാണവുമായി ബന്ധപ്പെട്ട് സ്റ്റോർ പർച്ചേസ് വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ; പാലിച്ചിട്ടില്ലെങ്കിൽ ഇതിന് കാരണക്കാരായ ഉദ്യോഗസ്ഥരുടെ പേരിൽ നടപടി എടുക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly